ശ്രീ. പി. സി. ആദിച്ചൻ : കുന്നത്തൂർ താലൂക്കിലുള്ള ചില ആശുപത്രികളിൽ ആവശ്യമുള്ള സ്റ്റാഫ് ഇല്ല. ഒറ്റ നേഴ്സുപോലും ഇല്ലാത്ത ചില സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. കാരണം ഒരു നേഴ്സിനേയോ മറ്റോ നിയമിക്കും. അവർ പ്രകൃതിയുടെ വിളിക്കു പോകേണ്ടിവരുമെല്ലോ ? , പ്രകൃതിയുടെ വിളി എന്നു പറഞ്ഞല്ലൊണ്ട് മനസ്സിലായിക്കാണും എന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ട് കൂടുതൽ സ്റ്റാഫിനെ നിയമിക്കുവാൻ വേണ്ട ഏർപ്പാടുകളും ചെയ്യുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : മെമ്പർ പറഞ്ഞ കാര്യങ്ങൾക്ക് ആശുപത്രിയിൽത്തന്നെ സൗകര്യം ഉണ്ട്. എന്തായാലും ഇപ്പോൾ അഞ്ചു നേഴ്സുകളുടെ സാംഗ്ഷൻ പോസ്റ്റ് ഉണ്ട്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : മലബാറിലുള്ള കീഴ്പ്പള്ളി താലൂക്കിലും കൂട്ടുമുഖത്തും വളരെ നാളായി ഡാക്ടറന്മാർ ഇല്ലെന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കൂട്ടുമുഖത്തെ കാര്യം എനിക്കറിഞ്ഞുകൂടാ. കീഴ്പ്പള്ളിയെ സംബന്ധിച്ചു പറയാം. പല തവണ ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. പല പ്രാവശ്യവും ഡാക്ടറന്മാരെ അവിടെ പോസ്റ്റു ചെയ്തിട്ടുണ്ട്. ഡാക്ടർക്കു താമസിക്കാൻ യാതൊരു സൗകര്യവുമില്ല എന്നുള്ള കാരണത്താൽ രണ്ടുമൂന്നു ഡാക്ടറന്മാരെ നിയമിച്ചിട്ട അവർ രാജിവച്ചുപോവുകയാണ് ചെയ്തിട്ടുള്ളതു്.

ശ്രീ. എൻ. ഈ. ബലറാം : തിരുവനന്തപുരം പട്ടണത്തിലെ അത്രയും സൗകര്യമുള്ള ഒരു വീട് ഡിസ്പെൻസറിക്കുവേണ്ടി ഏർപ്പാടാക്കിയിട്ട് നാലു മാസമായി. ഇനിയും താമസിക്കാൻ സൗകര്യമില്ലാ എന്നു പറഞ്ഞു ഡാക്ടറന്മാർ വരാതിരിക്കുന്നതു ശരിയാണോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഈ വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. താമസത്തിനു സൗകര്യമുള്ള സ്ഥലം കിട്ടിയിട്ടുണ്ടെങ്കിൽ തീർച്ചയായും ഈ കാര്യം അന്വേഷിക്കാം.

വൈദ്യസഹായം

* 590. [5] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യസഹായം നൽകുന്നതിന് കേരളത്തിൽ ശരാശരി ആളൊന്നിന് എത്ര തുക ഗവണ്മെൻറു് ആണ്ടിനാൽ, ഇപ്പോൾ ചെലവാക്കുന്നുണ്ട് ;

(ബി) സാമ്പത്തിക കഴിവുള്ളവരിൽനിന്നും നിഷ്കർഷയോടെ ഗവണ്മെൻറ് ആശുപത്രികളിൽ മരുന്നുവിലയും മറ്റു ഫീസുകളും ഈടാക്കുന്നതിനുവേണ്ട നടപടികളും ഗവണ്മെൻറ് സ്വീകരിക്കുമോ ;

(സി) എല്ലാ പഞ്ചായത്തുകളിലും ഒരു വൈദ്യസ്ഥാപനം ഉണ്ടാക്കുക എന്ന ലക്ഷ്യം എന്നേയ്ക്കു നിറവേറ്റുവാൻ കഴിയുമെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) അലോപ്പതി 1 രൂപ 86 നയാപൈസ.
ആയുർവ്വേദം 21 നയാപൈസ.
ഹോമിയോപ്പതി 21 നയാപൈസ.

(ബി) സാമ്പത്തിക കഴിവുള്ളവരിൽനിന്നും പേ വാർഡിൽ കിടത്തി ചികിത്സിക്കുന്നതിനും എക്സ്റേ ലാബറട്ടറി മുതലായ പരീക്ഷണങ്ങൾക്കും ഫീസ് ഈടാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡിജിനസ് മെഡിസിൻ ഡിപ്പാർട്ടമെന്റു സ്ഥാപനങ്ങളിൽനിന്നും സാമ്പത്തിക കഴിവു പരിഗണിക്കാതെ എല്ലാവർക്കും സൗജന്യവൈദ്യസഹായമാണു് നൽകിവരുന്നതു്. സാമ്പത്തിക കഴിവുള്ളവരിൽനിന്നും മരുന്നു വിലയോ ഫീസോ ഈടാക്കുന്നതിനു ഇപ്പോഴും യാതൊരു നിബന്ധനയും ഇല്ല. ഇതിനെപ്പറ്റി പരിഗണിക്കാവുന്നതാണു്.

(സി) സുമാർ 15,000 ജനങ്ങളുള്ള ഓരോ പഞ്ചായത്തിലും ഓരോ അലോപ്പതി വൈദ്യസ്ഥാപനം ഉണ്ടാക്കുവാൻ അടുത്ത രണ്ടു പഞ്ചവത്സര പദ്ധതിക്കു ശേഷമേ സാധിക്കുകയുള്ളു. ആയുർവ്വേദ വൈദ്യസ്ഥാപനങ്ങളും എല്ലാ പഞ്ചായത്തുകളിലും ഉണ്ടാക്കുന്നതിനു ദീർഘകാലപദ്ധതികളും വേണ്ടിവരുന്നതാണു്.

ശ്രീ. ഇ. പി. ഗോപാലൻ : പേ വാർഡു് ചികിത്സയെ സംബന്ധിച്ചു് അങ്ങനെ വരവുണ്ടെന്നു പറഞ്ഞു. ഗവണ്മെന്റു ഉദ്യോഗസ്ഥന്മാക്കു പേ വാർഡിനു ചില കൺസഷൻ കൊടുത്തിട്ടുണ്ടു്. എം. എൽ. എ. മാക്കും പേ വാർഡിൽ കിടന്നു ചികിത്സിക്കേണ്ടി വരികയാണെങ്കിൽ ഈ മാതിരി കൺസഷൻ കൊടുക്കുന്നതിനുവേണ്ട ഏർപ്പാടുകളും ചെയ്യുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : നിലവിലുള്ള വ്യവസ്ഥകളും പ്രകാരം പ്രത്യേക കൺസഷൻസ് ഒന്നുമില്ല.

ശ്രീ. കുറ്റൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടു് : പ്രകൃതിചികിത്സ പ്രോത്സാഹനപ്പെടുത്തുന്നപക്ഷം ഒരു പൈപോലും മരുന്നിനുവേണ്ടിയോ പേ വാർഡിനു വേണ്ടിയോ ചെലവാക്കേണ്ടിവരികയില്ല. ഈ രീതി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട സഹായസഹകരണങ്ങളും ഗവണ്മെന്റുഭാഗത്തുനിന്നും നൽകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : യാതൊരു ചെലവും കൂടാതെ ചികിത്സിക്കുവാൻ കഴിയുമോ എന്നുള്ളതല്ല പ്രശ്നം. ഫലപ്രദമായി എങ്ങനെ സുഖക്കേടു മാറ്റുവാൻ കഴിയും എന്നുള്ളതാണു് പ്രശ്നം. ഇങ്ങനെയുള്ള ഒരു അഭിപ്രായം വളരെ ശക്തമായി ശ്രീമാൻ കുറിനുണ്ടെന്നറിയാം. അദ്ദേഹം ഒരു പദ്ധതിയും ഇതേപ്പറ്റി തന്നിട്ടുണ്ടു്. അതു് അന്വേഷിച്ചു കൊണ്ടിരിക്കുകയാണു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : എം. എൽ. എ. മാക്കു സൗജന്യം ലഭിക്കുകയില്ല എന്നു പറഞ്ഞു. എം. എൽ. എ. മാക്കു ഇങ്ങനെയുള്ള കാര്യങ്ങളിൽ സൗജന്യം കൊടുക്കുവാനും അവർക്കു പ്രയാറിട്ടി നൽകുന്നതിനും ഉദ്യോഗസ്ഥന്മാർക്കുള്ളതുപോലെ ചില ആനുകൂല്യങ്ങളും കൊടുക്കുവാനും ഹൗസ് കമ്മിറ്റി നിർദ്ദേശം വച്ചിട്ടുള്ളതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ആ വിധത്തിലുള്ള ഒരു നിർദ്ദേശം എന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. ഒരു ഡാക്ടറെ വേണമെന്നു ആവശ്യപ്പെട്ടിരുന്നു. അതിനു വേണ്ട ഏർപ്പാടുകളും ചെയ്തിട്ടുണ്ടു്.

പാക്കേജു് പദ്ധതി

* 591. [6] ശ്രീ. എൻ. മോസ്സുരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിൽ പാക്കേജു് പദ്ധതി എന്നുമുതൽ നടപ്പിൽ വരുത്തി ;

(ബി) നാളതുവരെ എത്ര തുക ചെലവായി ;

(സി) ഈ പദ്ധതി നടപ്പിൽവന്നതിനുശേഷം കുട്ടനാട്ടിൽ നെൽക്കൃഷിയിൽ വിളവു വർദ്ധനവുണ്ടായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്രമാത്രം ?

LIBRARY ARCHIVES Kerala Legislative Assembly